"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - വടുതല-പെരുമ്പളം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്യേണ്ടി വന്ന ശ്രീ.കുഞ്ഞൻ സോമൻ പാറയിൽ മുതൽപേരുടെ ഉടമസ്ഥതയിലുള്ള 19 ഊന്നി വലപ്പാടുകൾക്ക് നഷ്ടപരിഹാരം അനുവദിച്ചുകൊണ്ടുള്ള ഉത്തരവിലെ, ശീർഷകത്തിൽ ഭേദഗതി വരുത്തി -അധിക ധനാനുമതി വഴി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(കൈ) നം.10/2026/F&P    തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-    1. സ.ഉ.(കൈ) നം.1/2026/F&P തീയതി, 13/02/2026.

2. സ.ഉ.(സാധാ) നം.2532/2026/ഫിൻ തീയതി, 10/03/2026.

**<u>ഉത്തരവ്</u>**

വടുതല-പെരുമ്പളം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്യേണ്ടി വന്ന ശ്രീ.കുഞ്ഞൻ സോമൻ പാറയിൽ മുതൽപേരുടെ ഉടമസ്ഥതയിലുള്ള 19 ഊന്നി വലപ്പാടുകൾക്ക് വല ഒന്നിന് ഒരു ലക്ഷം രൂപ നിരക്കിൽ 19 ലക്ഷം രൂപ നഷ്ടപരിഹാരമായി 2405-00-101-94-00-34-03-N-V എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ഉത്തരവിലെ 2405-00-101-94-00-34-03-N-V എന്ന ശീർഷകം '2405-00-800-52-Compensation to Fishermen for the removal of Licensed/Unlicensed Stake/ Chinese Nets' എന്ന് ഭേദഗതി ചെയ്ത് ടി ശീർഷകത്തിൽ 19,00,000/- രൂപ (പത്തൊൻപത് ലക്ഷം രൂപ മാത്രം) അധിക ധനാനുമതി വഴി അനുവദിച്ച് ഉത്തരവാകുന്നു.

3) പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (13/03/2026 -ലെ 2934545/WCD-2/194/2024-FIN നമ്പർ കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.സി2/116/2020/മതുവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 13-03-2026 17:31:16